# പതിമൂന്നാം കേരള നിയമസഭ

## വിഷയനിർണ്ണയ സമിതി XII

## ആരോഗ്യവും കുടുംബക്ഷേമവും

2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ആരോഗ്യവകുപ്പുമായി
ബന്ധപ്പെട്ട ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

2014 ജൂൺ 26-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

**വിഷയനിർണ്ണയ സമിതി XII**

## ആരോഗ്യവും കുടുംബക്ഷേമവും

2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ആരോഗ്യവകുപ്പുമായി
ബന്ധപ്പെട്ട ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

826/2014.

# ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

വിഷയനിർണ്ണയ സമിതി XII

**ആരോഗ്യവും കുടുംബക്ഷേമവും**

(2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

,, പി. കെ. ബഷീർ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. കെ. ദാസൻ

,, എ. റ്റി. ജോർജ്

,, കെ. കുഞ്ഞമ്മത് മാസ്റ്റർ

,, റോഷി അഗസ്റ്റിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

,, ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

,, ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയനിർണ്ണയ സമിതി XII-ന്റെ മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തരനടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## ഭാഗം I

## സമിതിയുടെ ശുപാർശകളും ഗവൺമെന്റിൽ നിന്ന് ലഭിച്ച മറുപടികളും

### വൈദ്യസഹായവും പൊതുജനാരോഗ്യവും

ശുപാർശ

ഈ സാമ്പത്തികവർഷം ആശാവർക്കർമാർക്കുള്ള അലവൻസ് നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 24,95,99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 6.

സ്വീകരിച്ച നടപടി

2012-13 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആശ ഹോണറേറിയം 600 രൂപയായി ഉയർത്തിയിരുന്നു. എന്നാൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് 12 കോടി രൂപയാണ് (@ ₹ 500 per month) എൻ.ആർ.എച്ച്.എം.-ന് നൽകിയത്. ഇതിന്റെ ബാക്കിത്തുകയായ 307 ലക്ഷം രൂപ കൂടി ഈ വർഷം ലഭിക്കേണ്ടതുണ്ട്. 2013-2014 സാമ്പത്തികവർഷത്തിൽ ആശ ഹോണറേറിയം 700 രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതിനായി 24.3146 കോടി രൂപ ലഭിക്കേണ്ടതുണ്ട്. രണ്ട് വർഷത്തേക്കുംകൂടി 27.3846 കോടി രൂപയുടെ ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശുപാർശ

ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളിലെയും പോസ്റ്റ്-പാർട്ടം കേന്ദ്രങ്ങളിലെയും (ബ്ലോക്ക് പി.എച്ച്.സി.) ജീവനക്കാർക്ക് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് തുക കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 7

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നിലനിൽക്കുന്ന സാമ്പത്തിക നിയന്ത്രണം കണക്കിലെടുത്ത് അധിക തുക അനുവദിച്ചില്ല. അധികതുക ആവശ്യമായിവരുന്ന സാഹചര്യത്തിൽ റീഅപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

NRHM പദ്ധതി 2013-14 വർഷം വിഭാവനംചെയ്തിരിക്കുന്ന 798.19 കോടി രൂപയിൽ സംസ്ഥാനവിഹിതമായി 199.55 കോടി രൂപ അനുവദിക്കേണ്ടതായിരുന്നു. എന്നാൽ ഈ ശീർഷകത്തിൽ അനുവദിച്ച 75 കോടി രൂപ അപര്യാപ്തമായതിനാൽ അധികമായി 124.54 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 35

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തികവർഷം കേന്ദ്ര സർക്കാരിന്റെ 18-4-2013-ന്റെ F.No.10(1)2013-NRHM-1 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനവിഹിതമായി ലഭിക്കേണ്ടത് 127.18 കോടി രൂപയാണ്. 2013-14 സാമ്പത്തികവർഷം കേന്ദ്ര മന്ത്രാലയം സംസ്ഥാനത്തിന് ആദ്യം അനുവദിച്ച 244.84 കോടിയിൽ 183.62 കോടി രൂപ 2013 ജൂലൈ മാസത്തിൽ എൻ.ആർ.എച്ച്.എം.-ന് ലഭിച്ചു. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷനുവേണ്ടി 2210-03-102-98 ഹെഡിൽ വകയിരുത്തിയ 75 കോടി രൂപ ഇതുവരെ സംസ്ഥാന സൊസൈറ്റിക്ക് അനുവദിച്ച് കിട്ടിയിട്ടില്ല. ഇത് സൊസൈറ്റിക്ക് ലഭ്യമാക്കാൻ വേണ്ടനടപടികൾ കൈക്കൊണ്ട് വരുന്നു.

<u>ശുപാർശ</u>

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന് പുതിയ കെട്ടിടം പണിയുന്നതിനും ഭക്ഷ്യ വ്യാപാരികൾക്കായുള്ള ഓൺലൈൻ ലൈസൻസിംഗ്/രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ സിസ്റ്റം, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കും ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനും കൂടാതെ പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ബോധവൽക്കരണം നൽകുന്നതിനും കെട്ടിടങ്ങളുടെ വാടക നൽകുന്നതിനും ആവശ്യമായ വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഹെഡ് ഇൻസ്പെക്ടർമാർക്ക് ആഫീസും മറ്റ് സൗകര്യങ്ങളും നൽകുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2,48,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 38

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

ശുപാർശ

എല്ലാ ജില്ലകളിലും ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കൽ, നിലവിലുള്ള മൂന്ന് ലബോറട്ടറികൾക്ക് National Accreditation Board for Testing and Calibration Laboratories (NABL) അക്രഡിറ്റേഷൻ നടപ്പിലാക്കൽ, എല്ലാ ജില്ലകളിലും പ്രാഥമിക പരിശോധന നടത്തുന്നതിനുള്ള മൊബൈൽ ലബോറട്ടറിയും വിജിലൻസ് സംവിധാനവും ഏർപ്പെടുത്തൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 235 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 39

സ്വീകരിച്ച നടപടി

തുക അനുവദിച്ചില്ല.

ശുപാർശ

ഓട്ടിസം, ബുദ്ധിമാന്ദ്യം, മറ്റ് വൈകല്യങ്ങൾ മുതലായവയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും നൽകുന്ന റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം ഉൾപ്പെടെ ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ച പദ്ധതികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 14 കോടി രൂപ പ്ലാൻ ഇനത്തിലും 1 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 41

സ്വീകരിച്ച നടപടി

തുക അനുവദിച്ചില്ല.

ശുപാർശ

ഡയബറ്റിസ് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ക്യാമ്പയിനുകൾ നടത്തുന്നതിനുള്ള വർദ്ധിച്ച ചെലവ് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 44

സ്വീകരിച്ച നടപടി

2012-13 സാമ്പത്തികവർഷത്തിലെ മൂന്നാമത്തെ റിപ്പോർട്ടിൽ 44-ാം ഖണ്ഡികയിലെ 1.5 കോടി രൂപ അനുവദിക്കണമെന്ന സർക്കാർ ശുപാർശയിന്മേൽ 11-7-2013-ലെ ജി.ഒ. (ആർടി.) 5729/13/ഫിൻ. ഉത്തരവുപ്രകാരം 50 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷനായി അനുവദിച്ചിട്ടുണ്ട്.

## ഭാഗം II

2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ അനന്തരനടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവ:

| ക്രമ നമ്പർ | വകുപ്പ് | ശുപാർശ ക്രമിക |
|---|---|---|
| (1) | (2) | (3) |
| 1 | ആരോഗ്യം | 1, 2, 3, 4, 5 |
| 2 | മെഡിക്കൽ വിദ്യാഭ്യാസം | 8 |
| 3 | ഭാരതീയ ചികിത്സാ വകുപ്പ് | 9, 10, 11, 12, 13, 14, 15, 16, 17, 18 |
| 4 | ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം | 19, 20, 21, 22 |
| 5 | ആയുർവ്വേദ കോളേജ്, കണ്ണൂർ | 23 |
| 6 | ഗവ. ആയുർവ്വേദ കോളേജ്, തൃപ്പൂണിത്തുറ | 24 |
| 7 | ഗവ. ആയുർവ്വേദ കോളേജ്, തിരുവനന്തപുരം | 25 |
| 8 | ആയുർവ്വേദ കോളേജ്, തിരുവനന്തപുരം ഫാർമകോഗ്നസി യൂണിറ്റ് | 26 |
| 9 | ഹോമിയോപ്പതി | 26, 27, 28, 29 |

| (1) | (2) | (3) |
|---|---|---|
| 10 | ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസം | 30, 31, 32 |
| 11 | ഡ്രഗ്സ് കൺട്രോൾ വകുപ്പ് | 33, 34 |
| 12 | റീജണൽ കാൻസർ സെന്റർ | 36 |
| 13 | മലബാർ കാൻസർ സെന്റർ | 37 |
| 14 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 40 |
| 15 | കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റി | 42 |
| 16 | കേരള ആരോഗ്യ സർവ്വകലാശാല | 43 |
| 17 | സംസ്ഥാന ഔഷധ സസ്യ ബോർഡ് | 45 |
| 18 | ചൈൽഡ് ഡവലപ്മെന്റ് സെന്റർ | 46, 47 |
| 19 | കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ ബോർഡ് | 48 |
| 20 | കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ | 49, 50 |
| 21 | റേഡിയേഷൻ സേഫ്റ്റി വകുപ്പ് | 51 |

വി. എസ്. ശിവകുമാർ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XII.*

തിരുവനന്തപുരം,
2014 ജൂൺ 19.